ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്

നം. ഇ3/55/2020/ഐ&പി.ആർ.ഡി.

തിരുവനന്തപുരം,
തീയതി : 11.03.2020.

**സർക്കുലർ**

ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ഇന്റേൺഷിപ്പ് നൽകാവൂ എന്ന് നിർദ്ദേശം നൽകുന്നു.

1. അംഗീകൃത സർവകലാശാലകളുടെ അഫിലിയേഷൻ ഉള്ള സർക്കാർ/അർദ്ധസർക്കാർ/എയ്ഡഡ്/സ്വകാര്യ സ്ഥാപനങ്ങളിൽ മാസ് കമ്മ്യൂണിക്കേഷൻ മേഖലയിൽ ബിരുദ തലത്തിലൊ അതിനുമുകളിലൊ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലന സൗകര്യം അനുവദിക്കുന്നതാണ്.
2. പരമാവധി ഒരുമാസം മാത്രമേ സാധാരണഗതിയിൽ പരിശീലനത്തിനായി അനുവദിക്കുകയുള്ളൂ.
3. ഡയറക്ടറേറ്റിലെ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതികൾ കാരണം ഇന്റേൺഷിപ്പ് ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ മാത്രമേ അനുവദിക്കുകയുള്ളൂ.
4. ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ പരിശീലനം അനുവദിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി അതാതു ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
5. പരിശീലനത്തിനെത്തുന്ന വിദ്യാർത്ഥികൾ വകുപ്പിന്റെ ഇതു സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുന്നതാണെന്ന സമ്മതപത്രം ഉൾപ്പെടുന്ന പത്രിക ഒപ്പിട്ടുനൽകേണ്ടതാണ്.
6. വകുപ്പിലെ ഇന്റേൺഷിപ്പ് സംബന്ധിച്ച കാര്യങ്ങളുടെ ചുമതല നിലവിൽ പരിശീലനത്തിന്റെ ചുമതലയുള്ള റിസർച്ച് ആന്റ് റഫറൻസ് വിഭാഗം ഇൻഫർമേഷൻ ഓഫീസർക്ക് ആയിരിക്കും.
7. ഇന്റേൺഷിപ്പിനു അപേക്ഷിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനത്തിലെ വിദ്ധാർത്ഥിയാണെന്നു തെളിയിക്കുന്ന രേഖ (തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്), സ്ഥാപനമേധാവിയുടെ കത്ത് എന്നിവകൂടി നിർദിഷ്ട അപേക്ഷാ ഫാറത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്.
8. മാർഗ്ഗനിർദ്ദേശങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് ഐ&പി.ആർ. വകുപ്പ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**യു.വി. ജോസ് ഐ.എ.എസ്**
**ഡയറക്ടർ**

അഡീഷണൽ ഡയറക്ടർ(ജനറൽ/ഇ.എം.ഡി)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർമാർക്കും
എല്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
ഡെപ്യൂട്ടി സെക്രട്ടറി
അക്കൌണ്ട്സ് ഓഫീസർ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് : സെക്രട്ടറിയുടെ പി.എ
ഡയറക്ടറുടെ സി.എ